**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3272** **13-07-2022 - ൽ മറുപടിയ്ക്ക്**

**പ്രളയത്തിലും ഉരുൾപ്പൊട്ടലിലും വീട് നഷ്ടപെട്ടവർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2021 ഒക്ടോബർ മാസമുണ്ടായ പ്രളയത്തിലും ഉരുൾപ്പൊട്ടലിലും പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ വീട് നഷ്ടപെട്ട എത്ര കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; എത്ര കുടുംബങ്ങൾക്കാണ് നഷ്ട പരിഹാരം നൽകാനുള്ളത് ; വ്യക്തമാക്കുമോ ; | (എ) | 2 0 2 1 ഒക്ടോബർ മാസത്തിലുണ്ടായ പ്രളയത്തിലും ഉരുൾപ്പൊട്ടലിലും നാശനഷ്ടം സംഭവിച്ച പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ 1493 വീടുകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കും പുറമ്പോക്കിൽ താമസിച്ചു വരുന്നവർക്കും അവർ സ്ഥലം കണ്ടെത്തി നൽകുന്ന മുറയ്ക്കാണ് ധനസഹായം അനുവദിയ്ക്കുന്നത്. സ്ഥലം കണ്ടെത്തിയ കുടുംബങ്ങൾക്ക് രജിസ്ട്രേഷൻ തുക അഡ്വാൻസായി അൻപതിനായിരം രൂപ വീതം അനുവദച്ച് നൽകികൊണ്ട്, ഭൂമി രജിസ്ട്രേഷൻ കഴിയുമ്പോൾ ബാക്കി സംഖ്യ ഭൂമി നൽകുന്നയാളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അയച്ചു നൽകും. ശേഷിയ്ക്കുന്ന കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി അറിയിയ്ക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്. |
| (ബി) | നഷ്ടപരിഹാരം പൂർണ്ണമായും വിതരണം ചെയ്യുന്നതിന് എന്നത്തേക്ക് സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | 2 0 2 1 ഒക്ടോബർ മാസത്തിലുണ്ടായ പ്രളയത്തിലും ഉരുൾപ്പൊട്ടലിലും നാശനഷ്ടം സംഭവിച്ച പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ 1493 വീടുകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കും പുറമ്പോക്കിൽ താമസിച്ചു വരുന്നവർക്കും അവർ സ്ഥലം കണ്ടെത്തി നൽകുന്ന മുറയ്ക്കാണ് ധനസഹായം അനുവദിയ്ക്കുന്നത്. സ്ഥലം കണ്ടെത്തിയ കുടുംബങ്ങൾക്ക് രജിസ്ട്രേഷൻ തുക അഡ്വാൻസായി അൻപതിനായിരം രൂപ വീതം അനുവദച്ച് നൽകികൊണ്ട്, ഭൂമി രജിസ്ട്രേഷൻ കഴിയുമ്പോൾ ബാക്കി സംഖ്യ ഭൂമി നൽകുന്നയാളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അയച്ചു നൽകും. ശേഷിയ്ക്കുന്ന കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി അറിയിയ്ക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്. |
| (സി) | വസ്തുവകകൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും കെട്ടിടങ്ങൾക്കും ജീവനോപാധികൾക്കും ഉണ്ടായ | (സി) | വീടുകൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരമായി എസ്.ഡി.ആർ.എഫ്. വിഹിതം |

| | | | |
|---|---|---|---|
| | നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ? | | അനുവദിച്ചു. സ്ഥലം നഷ്ടപ്പെട്ടവർക്ക് സ്ഥലം വാങ്ങുന്നതിന് അഡ്വാൻസ് തുക അനുവദിച്ചു. 14 പേർ രജിസ്ട്രേഷൻ നടത്തി. വ്യാപാര മേഖലക്കുണ്ടായ നഷ്ടത്തിന് ധന സഹായം അനുവദിക്കുന്നതിന് ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം വ്യവസ്ഥയില്ല. എന്നിരുന്നാലും വ്യാപാര സ്ഥാപനങ്ങൾക്കുള്ള നഷ്ടപരിഹാരം അനുവദിക്കുന്നതിന് വകുപ്പിൽ ലഭിച്ച അപേക്ഷകൾ ആസൂത്രണവും സാമ്പത്തിക കാര്യം, വ്യവസായം എന്നീ വകുപ്പുകൾക്കു കൈമാറിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ